**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3850** **17-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരിതാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | വയനാട്ടിലുണ്ടായ പ്രകൃതി ദുരന്തത്തെ കേന്ദ്രസർക്കാർ ഏത് ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുവഴി സംസ്ഥാന സർക്കാരിന് ഏതൊക്കെ തരത്തിലുള്ള ഫണ്ടുകൾ സ്വരൂപിക്കാൻ അനുമതിയുണ്ടാവുമെന്ന് വിശദമാക്കാമോ; | (എ) | വയനാട് മേപ്പാടി ഉരുൾപൊട്ടൽ **അതിതീവ്ര** ദുരന്തമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>അതിന്റെ ഭാഗമായി, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിലവിൽ ലഭ്യമായ തുകയിൽ നിന്നും 120 കോടി രൂപ മാനദണ്ഡങ്ങൾക്ക് അതീതമായി മേപ്പാടി ദുരന്തത്തിനായി വിനിയോഗിക്കുവാൻ ബഹു. ഹൈക്കോടതി അനുമതി നല്കി.<br><br>Scheme for Special Assistance to States for Capital Investment (SASCI) പദ്ധതി മുഖേന തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് സംസ്ഥാന സർക്കാർ ശുപാർശ സമർപ്പിച്ചിരുന്ന 16 പദ്ധതികൾ നടപ്പിലാക്കുന്നതിനായി 529.50 കോടി രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്.<br><br>Flexi Funds of Central Government Schemes: കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ 25% വരെ ദുരന്ത നിവാരണത്തിന് വിനിയോഗിക്കാൻ സാധിക്കും .<br><br>MP LADS: രാജ്യത്തെ മുഴുവൻ എം.പിമാർക്കും മേപ്പാടി പുനർനിർമ്മാണത്തിന് തുക അനുവദിക്കാവുന്നതാണ് . |
| (ബി) | കേരളത്തിൽ നിന്നുള്ള ഏതൊക്കെ എം.പി. മാർ തങ്ങളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് വയനാട് ദുരിതാശ്വാസത്തിനായി എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ എം.പിമാർ നിലവിലുള്ള എം.പി ലാഡ് ഇ-സാക്ഷി പോർട്ടൽ മുഖേന വയനാട് ജില്ലയ്ക്ക് calamity consent ആയി സ്റ്റേറ്റ് നോഡൽ അതോറിറ്റിയ്ക്ക് സമർപ്പിച്ച തുകകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരളത്തിൽ നിന്നുള്ള ഓരോ എം.പി.മാരും തങ്ങളുടെ ശമ്പളത്തിൽ നിന്ന് എത്ര രൂപ വീതം | (സി) | കേരളത്തിലെ എം.പിമാർ നിലവിലുള്ള എം.പി ലാഡ് ഇ-സാക്ഷി പോർട്ടൽ മുഖേന വയനാട് ജില്ലയ്ക്ക് calamity consent ആയി സ്റ്റേറ്റ് നോഡൽ |

| | | | |
|---|---|---|---|
| | വയനാട് ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുണ്ട് എന്നത് വിശദമാക്കാമോ; | | അതോറിറ്റിയ്ക്ക് സമർപ്പിച്ച തുകകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള ഏതെങ്കിലും എം.പി.മാർ തങ്ങളുടെ ശമ്പളത്തിൽ നിന്നോ പ്രാദേശിക വികസന ഫണ്ടിൽ നിന്നോ വയനാട് ദുരിതാശ്വാസത്തിനായി തുക നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള എം.പി.മാർ വയനാട് ദുരിതാശ്വാസത്തിനായി ലഭ്യമാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര മന്ത്രാലയത്തിന്റെ പാർലമെന്ററികാര്യ വകുപ്പിൽ നിന്നും ശേഖരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | ബഹു. എം.പിയുടെ പേര് | തുക |
|---|---|---|
| 1 | ശ്രീ. ഷാഫി പറമ്പിൽ | 25 ലക്ഷം |
| 2 | ശ്രീ. ജോൺ ബ്രിട്ടാസ് | 1 കോടി |
| 3 | ശ്രീ. പി.പി.സുനീർ | 25 ലക്ഷം |
| 4 | ശ്രീമതി പി.ടി. ഉഷ | 5 ലക്ഷം |
| 5 | ശ്രീ എൻ.കെ. പ്രേമചന്ദ്രൻ | 10 ലക്ഷം |
| 6 | ശ്രീ കെ രാധാകൃഷ്ണൻ | 25 ലക്ഷം |
| 7 | ഡോ.വി. ശിവദാസൻ | 25 ലക്ഷം |
| 8 | ശ്രീ. എ.എ.റഹീം | 25 ലക്ഷം |
| 9 | ശ്രീ. ജോസ് കെ.മാണി | 25 ലക്ഷം |
| 10 | ശ്രീ. സന്തോഷ് കുമാർ പി | 25 ലക്ഷം |